compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ജൂലൈ 21
Tuesday, 21st July 2026

1201 കർക്കടകം 5
5th Karkadakam 1201

1948 ആഷാഢം 30
30th Ashadha 1948

വാല്യം 15
Vol. XV

നമ്പർ / No. **29**

Part III

Dairy Development Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം
ഹാജർ:ശ്രീമതി ട്രീസ തോമസ്

ക്ഷീരവികസന വകുപ്പ്- ഇടുക്കി- പുളിയന്മല ക്ഷീരോത്പാദക സഹകരണ സംഘം ഐ 171 (ഡി) ആപ്കോസ് -സമാപ്തീകരണം-1969 ലെ കേരള സഹകരണ നിയമം വകുപ്പ് 72 പ്രകാരം ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

നം. DDI DK/65/2026-CC *തൊടുപുഴ,തീയതി: 03/07/2026*

പരാമർശം:- *1.കട്ടപ്പന ക്ഷീരവികസന ഓഫീസറുടെ 16/10/2025 ലെ DESU-I DK0KTPN/133/2025-D1 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ ഡയറി ഫാം ഇൻ സ്ട്രക്ടറുടെ സെക്ഷൻ 65 അന്വേഷണ റിപ്പോർട്ടും*

ഉത്തരവ്

ഇടുക്കി ജില്ലയിൽ കട്ടപ്പന ക്ഷീരവികസന യൂണിറ്റ് ഓഫീസിന്റെ പരിധിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന പുളിയന്മല ക്ഷീരോത്പാദക സഹകരണ സംഘം ഐ 171 (ഡി) ആപ്കോസ് നിലവിൽ പ്രവർത്തന രഹിതമാണ്. ടി സംഘം തുറന്ന് പ്രവർത്തിപ്പിക്കുവാൻ യാതൊരു സാധ്യതയുമില്ലായെന്നും സെക്ഷൻ 65 അന്വേഷണത്തിന്റ അടിസ്ഥാനത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതും സമാപ്തീകരിക്കാവുന്നതാണെന്നും പരാമർശ പ്രകാരം കട്ടപ്പന ക്ഷീരവികസന ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സംഘം സമാപ്തീകരണം സംബന്ധിച്ച് സഹകരണ നിയമം വകുപ്പ് 71 പ്രകാരം എന്തെങ്കിലും ആക്ഷേപം ബോധിപ്പിക്കാനുള്ള പക്ഷം ആയത് അറിയിക്കുന്നതിനായി ധനസഹായ ബാങ്ക്, സർക്കിൾ സഹകരണ യൂണിയൻ, എറണാകുളം മേഖലാ മിൽക്ക് മാർക്കറ്റിങ് യൂണിയൻ എന്നിവർക്ക് കത്തുകൾ നല്കിയിരുന്നു. അപ്രകാരമുള്ള ആക്ഷേപങ്ങളൊന്നും നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭ്യമായിട്ടില്ല.

മേൽ സാഹചര്യത്തിൽ പുളിയന്മല ക്ഷീരോത്പാദക സഹകരണ സംഘം ഐ 171 (ഡി) ആപ്കോസിന്റെ ആസ്തി ബധ്യതകൾ തിട്ടപ്പെടുത്തി സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കുന്നതിനായി 1969 ലെ കേരള സഹകരണ നിയമം വകുപ്പ് 72 പ്രകാരം കട്ടപ്പന യൂണിറ്റ് ഓഫീസിലെ ഡയറി ഫാം ഇൻസ്ട്രക്ടർ ശ്രീ.വൈശാഖ് വി.വി.യെ ലിക്വിഡേറ്ററായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ലിക്വിഡേഷൻ സംബന്ധിച്ച് ക്വാർട്ടേർലി പ്രോഗ്രസ്സ് റിപ്പോർട്ട് ക്ഷീരസഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ *(ഒപ്പ്)*
കാര്യാലയം, ഇടുക്കി *ഡെപ്യൂട്ടി ഡയറക്ടർ*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നടപടിക്രമം

ഹാജർ:ശ്രീമതി.ട്രീസ തോമസ്

ക്ഷീരവികസന വകുപ്പ്- ഇടുക്കി തൊടുപുഴ - മൂലമറ്റം ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നം. ഐ 44 (ഡി) നോൺആപ്കോസ് -സമാപ്തീകരണം - 1969 ലെ കേരള സഹകരണ നിയമം വകുപ്പ് 71(1) പ്രകാരം സമാപ്തീകരിച്ച് കൊണ്ടും വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദു ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

നം. DDDK/457/2022-CT/കെ.ഡി.സ് *തൊടുപുഴ,തീയതി:06/07/2026*

പരാമർശം:- 1.ഈ ഓഫീസിലെ 12/2/2026 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്

2.തൊടുപുഴ ഡയറി ഫാം ഇൻസ്ട്രക്ടറുടെ 20/5/2026 തീയതിയിലെ 15/2026- നമ്പർ റിപ്പോർട്ട്

ഇടുക്കി ജില്ലയിലെ തൊടുപുഴ ബ്ലോക്കിൽ അറക്കുളം ഗ്രാമ പഞ്ചായത്തിലെ 6,7,8,9 വാർഡുകൾ പ്രവർത്തന പരിധിയായി ഉൾപ്പെടുത്തി രൂപീകരിച്ച മൂലമറ്റം ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നം.ഐ 44 (ഡി) നോൺആപ്കോസ് ദീർഘകാലങ്ങളായി പ്രവർത്തനരഹിതമാണ്. ടി സംഘം സമാപ്തീകരിക്കുന്നതിനായി പരാമർശം 1 പ്രകാരം തൊടുപുഴ ഡയറി ഫാം ഇൻസ്ട്രക്ടറെ കേരള സഹകരണ നിയമം വകുപ്പ് 72 പ്രകാരം ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവായിരുന്നു.

ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി കേരള സഹകരണ നിയമം ചട്ടം 69 പ്രകാരം ക്ലെയിം നോട്ടീസ് പുറപ്പെടുവിക്കുകയും സംഘത്തിൽ നിന്നും കൊടുക്കുവാനും ലഭിക്കുവാനുമുള്ള ബാധ്യതകൾ സംബന്ധിച്ച ആക്ഷേപം ബോധിപ്പിക്കുന്നതിനായി സമയം അനുവദിക്കുകയും ചെയ്തിരുന്നുവെങ്കിലും നിശ്ചിത സമയപരിധിക്കുള്ളിൽ യാതൊരുവിധ ആക്ഷേപങ്ങളും ലഭിച്ചിട്ടില്ലാത്തതാകുന്നു. സംഘത്തിന് മിൽമ അഫിലിയെഷൻ ഇല്ലാത്തതിനാൽ മിൽമയുമായി സാമ്പത്തീക ഇടപാടുകൾ ഇല്ല. സംഘത്തിന്റെ ആസ്തിയായി ഉണ്ടായിരുന്നത് സ്റ്റെറ്റ് ബാങ്ക് ഓഫ് ഇന്ത്യ ബ്രാഞ്ച് മൂലമറ്റത്തുള്ള അക്കൌണ്ട് പ്രകാരം 2,952/-രൂപയും, സ്റ്റോക്ക് വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരമുള്ള സ്റ്റോക്കും ആണ്. ലിക്വിഡേറ്ററുടെ പേരിലുണ്ടായിരുന്ന കേരളാ ബാങ്കിലെ അക്കൌണ്ട് ക്ലോസ് ചെയ്ത് അതിലെ നീക്കിയിരിപ്പ് തുകയായ 2,972/- രൂപ (128/- രൂപ ബാങ്ക് പലിശ കൂട്ടുകയും, 108/- രൂപ ബാങ്ക് ചാർജസ് പിടിച്ചതിനും ശേഷം) ക്ഷീര കർഷക ക്ഷേമനിധിയിൽ കുടിശ്ശികയിനത്തിൽ അടച്ചിട്ടുള്ളതുമാണ്. സംഘം വാടകയ്ക്ക് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ ഉടമക്ക് നൽകുവാൻ ഉണ്ടായിരുന്ന 30,400/- രൂപയുടെ വാടക കുടിശ്ശിക തീർക്കുന്നതിനായി സംഘത്തിന്റെ നിലവിലുള്ള സ്റ്റോക്ക് സാധനങ്ങൾ നിയമാനുസൃതം ലേലം ചെയ്തതിൽ ഏറ്റവും കൂടുതൽ തുകക്ക് വിളിച്ചയാൾക്ക് (30,400/- രൂപക്ക്) ലേലം ഉറപ്പിച്ച് നൽകി വാടക ഇനത്തിലുള്ള കുടിശ്ശിക പരിഹരിച്ചിട്ടുള്ളതായി ലിക്വിഡേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സംഘം തുറന്നു പ്രവർത്തിപ്പിക്കുവാൻ യാതൊരു സാധ്യതയും ഇല്ലാത്തതിനാലും ക്ലെയിം നോട്ടീസ് പ്രസിദ്ധപ്പെടുത്തിയ ഗസറ്റ് വിജ്ഞാപനത്തിന് ശേഷവും യാതൊരു അവകാശവാദവും ലഭ്യമല്ലാത്തതിനാലും അന്തിമ പൊതുയോഗത്തിൽ ആരും പങ്കെടുത്തിട്ടില്ലാത്തതിനാലും സംഘം സമാപ്തീകരിച്ചുകൊണ്ടും കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദു ചെയ്യാവുന്നതാണെന്നും പരാമർശം (2) പ്രകാരം ലിക്വിഡേറ്റർ ശിപാർശ ചെയ്തിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ താഴെപ്പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

മൂലമറ്റം ക്ഷീരോല്പ്പാദക സഹകരണ സംഘം ക്ലിപ്തം നം.ഐ 44 (ഡി) നോൺആപ്കോസ് 1969 ലെ കേരള സഹകരണ നിയമം 71(1) പ്രകാരം സമാപ്തീകരിച്ച്കൊണ്ടും വകുപ്പ് 74 പ്രകാരം സംഘത്തിന്റെ റജിസ്ട്രേഷന് റദ്ദു ചെയ്തും സംഘത്തിന്റെ പേര് ക്ഷീര സംഘങ്ങളുടെ പട്ടികയിൽ നിന്നും നീക്കം ചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. സംഘത്തിന്റെ രജിസ്റ്ററുകളും, രേഖകളും ലിക്വിഡേറ്റർ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും ഈ കാലാവധിക്ക് ശേഷം രജിസ്റ്റാറിന്റെ മുൻകൂർ അനുവാദത്തോട് കൂടി നശിപ്പിക്കാവുന്നതുമാണ്.

ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
ഇടുക്കി

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : ഷഫീന, എം.)

നമ്പർ DDDEKM/886/2022-SC4. 2026 ജൂലൈ 8.

വിഷയം:— ക്ഷീര വികസന വകുപ്പ്— എറണാകുളം— വാഴക്കുളം ബ്ലോക്കിലെ അമ്പാട്ട്കാവ് ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ E 193(D) ആപ്കോസ്— 1969-ലെ കേരള സഹകരണനിയമം വകുപ്പ് 71 (1) പ്രകാരം സമാപ്തീകരിച്ചുകൊണ്ടും വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് കൊണ്ടും— ഉത്തരവാകുന്നു.

സൂചന:— (1) ഡെപ്യൂട്ടി ഡയറക്ടറുടെ 7-3-2022 തീയതിയിലെ സി 2/154/2022 നമ്പർ ഉത്തരവ്.

(2) വാഴക്കുളം ക്ഷീര വികസന ഓഫീസറുടെ 15-7-2025-ലെ 174/2016 നമ്പർ കത്ത്.

(3) ഈ ഓഫീസിലെ 4-6-2026 തീയതിയിലെ DDDEKM/886/2022-SC4 നമ്പർ കത്ത്.

ഉത്തരവ്

വാഴക്കുളം ബ്ലോക്കിലെ ചൂർണ്ണിക്കര പഞ്ചായത്തിൽ 7-8-1991-ൽ രജിസ്റ്റർ ചെയ്ത് അമ്പാട്ട്കാവ് ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ E 193 (D) ആപ്കോസ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. എന്നാൽ നിലവിൽ സംഘം വർഷങ്ങളായി പ്രവർത്തനരഹിതമാണ്. അമ്പാട്ട്കാവ് ക്ഷീരോൽപാദക സഹകരണ സംഘം E 193 (D)-യുടെ പ്രവർത്തനം സമാപ്തീകരിക്കുന്നതിനായി ലിക്വിഡേറ്റർ ആയി സൂചന (1) പ്രകാരം വാഴക്കുളം ക്ഷീര വികസന ഓഫീസറെ നിയമിച്ച് ഉത്തരവായിട്ടുള്ളതാണ്. ലിക്വിഡേറ്റർ സമാപ്തീകരണം സംബന്ധിച്ച അറിയിപ്പ് ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്ത്, പബ്ലിക് ലൈബ്രറി തായിക്കാട്ടുകര ക്ഷീര സംഘം എന്നിവിടങ്ങളിൽ പതിച്ചിട്ടുള്ളതും ആയതിനു യാതൊരു ആക്ഷേപവും ലഭിച്ചിട്ടില്ലാത്തതുമാണ്. തുടർന്ന് ലിക്വിഡേറ്റർ സംഘത്തിന്റെ ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തിയിട്ടുള്ളതും അവസാന പൊതുയോഗം വിളിച്ച് ചേർത്തിട്ടുള്ളതും സൂചന (2) പ്രകാരം നടപടികൾ പൂർത്തീകരിച്ച് അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. ഇതേ തുടർന്ന് സൂചന (3) പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ/കൺകറന്റ് ഓഡിറ്റർ, എറണാകുളം മേഖലാ സഹകരണ ക്ഷീരോൽപാദക യൂണിയൻ, മാനേജിംഗ് ഡയറക്ടർ, എറണാകുളം മേഖലാ സഹകരണ ക്ഷീരോൽപാദക യൂണിയൻ, മാനേജർ, കേരള ബാങ്ക്, പെരുമ്പാവൂർ, സർക്കിൾ സഹകരണ യൂണിയൻ, കുന്നത്ത്നാട് എന്നിവർക്ക് അമ്പാട്ട്കാവ് ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 193 (D) ആപ്കോസ് സമാപ്തീകരിക്കുന്നതിൽ എന്തെങ്കിലും ആക്ഷേപം ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഏഴ് ദിവസത്തിനകം അറിയിക്കേണ്ടതാണെന്ന് കത്ത് മുഖേന അറിയിപ്പ് നല്കിയിട്ടുള്ളതും നാളിതുവരെ മറുപടി ലഭിച്ചിട്ടില്ലാത്തതുമാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മേൽ സാഹചര്യത്തിൽ അമ്പാട്ട്കാവ് ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ E193(D) ആപ്കോസ് തുടർന്ന് പ്രവർത്തിപ്പിക്കുന്നതിനു യാതൊരു സാധ്യതയുമില്ലായെന്നും സംഘം സമാപ്തീകരിക്കാവുന്നതാണെന്നും ബോദ്ധ്യപ്പെട്ടിരിക്കുന്നു. ആയതിനാൽ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 (1) പ്രകാരം അമ്പാട്ട്കാവ് ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ E 193(D) ആപ്കോസ് സമാപ്തീകരിച്ചുകൊണ്ടും വകുപ്പ് 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ക്ഷീര വികസന വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, (ഒപ്പ്)
എറണാകുളം. ഡെപ്യൂട്ടി ഡയറക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കെയ്ക്കിം നോട്ടീസ്

No: DESU-KDY/MLPM68/2026 തിയ്യതി: 03/07/2026

മലപ്പുറം ജിലയ്ലിലെ കൊണ്ടോട്ടി ബോ്ലക്കിലെ പള്ളിക്കൽ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നതും നിലവിൽ പ്രവർത്തന രഹിതവുമായ പുന്നതോട് ക്ഷീരോൽപാദക സഹകരണ സംഘം കിപ്ലിതം 306 ഡി അപ്കോസിന്റെ സമാപ്തികരണത്തിനായി ലികിഡേറ്ററായി മലപ്പുറം ജില്ല ഡെപ്യൂട്ടി ഡയറക്ടറുടെ 08/05/2026 ലെ നം DDMPM/895/2024-C നമ്പർ ഉത്തരവ് പക്രാരം കൊണ്ടോട്ടി ക്ഷീരവികസന ഓഫീസർ നിയമിതനായിട്ടുണ്ട്. ടി സംഘത്തിൽ നിന്നും ആർക്കെങ്കിലും എന്തെങ്കിലും തുക ലഭിക്കുവാനുണ്ടെങ്കിൽ അതിനുള്ള അവകാശം തെളിയിക്കുന്ന മതിയായ രേഖകൾ സഹിതം ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന തിയ്യതി മുതൽ രണ്ടു മാസത്തിനകം സംഘം ലികിഡേറ്ററെ താഴെ കാണിച്ചിരികുന്ന വിലാസത്തിൽ നേരിട്ടോ, ഏജെൻറ്/ അവകാശികൾ മുഖേനയോ അറിയിക്കേണ്ടതാണെന്നും ടി സംഘത്തിലേക്ക് ഏതെങ്കിലും ഇനത്തിൽ അടക്കാനുള്ള തുക നേരിൽ തന്നു രസീത് വാങ്ങേണ്ടതാണെന്നും അംഗങ്ങളെയും പൊതുജനങ്ങളെയും ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

ലിക്വിഡേറ്റർ

ഒപ്പ്

ക്ഷീരവികസന ഓഫീസർ

ക്ഷീരവികസന യൂണിറ്റ്

കൊണ്ടോട്ടി – 673638

ഫോണ്: 7293058635

ഇമെയിൽ: desukdy@gmail.com

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.07.21 04:58:10 +05:30